**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4306** **09-08-2021 - ൽ മറുപടിയ്ക്ക്**

**മലയോര പട്ടയം നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിൽ വർഷങ്ങളായി കഴിഞ്ഞുവരുന്ന അർഹരായ മുഴുവൻ പേർക്കും മലയോര പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി തൃശ്ശൂർ ജില്ലയിൽ അർഹരായ മുഴുവൻ പേർക്കും മലയോര പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ 01.01.1977 ന് മുമ്പ് വനഭൂമി കൈവശം വച്ച് വരുന്നവർക്ക് 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന സാങ്കേതിക തടസ്സങ്ങൾ നീക്കി കൊണ്ട് സ.ഉ(കൈ). 189/2019/ റവ. തീയതി 22.06.2019 സ.ഉ(കൈ). 90/2020/റവ. തീയതി 06.03.2020 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം നൽകിയ പ്രത്യേക അനുമതികളുടെ അടിസ്ഥാനത്തിലും പതിവ് നടപടികൾ തുടർന്നു വരുന്നു. കേന്ദ്രാനുമതി ലഭിച്ചവരിൽ 4920 അപേക്ഷകളിലായി 1419.7716 ഹെക്ടർ ഭൂമി ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാത്രം 1949 വനഭൂമി പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതും ആയതും ചാലക്കുടി താലൂക്കിൽ വിതരണം ചെയ്ത 7 പട്ടയങ്ങളും ഉൾപ്പടെ 956 പട്ടയങ്ങളാണ് കൃഷി ആവശ്യത്തിനായി പതിച്ചു കൊടുത്തിട്ടുള്ളത്. ഇതിന് പുറമേ സംയുക്ത പരിശോധന കഴിഞ്ഞ് കേന്ദ്ര സർക്കാർ അംഗീകാരം ലഭിക്കാൻ ശേഷിക്കുന്ന വനഭൂമിക്ക് നിലവിലെ നിർദ്ദേശാനുസരണം Forest Conservation Act പ്രകാരം സംയുക്ത പരിശോധന ലിസ്റ്റ് പ്രകാരമുള്ള ഭൂമിയുടെ Site, Lay out plan ,Total Station ഉപയോഗിച്ച് തയാറാക്കിയ Geo Reference Map എന്നിവ തയ്യാറാക്കി ജില്ലയ്ക്ക് വേണ്ടി www.forestclearance.nic.in എന്ന website വഴി അപേക്ഷിക്കുന്നതിനുള്ള ജി.പി.എസ് സർവ്വേ മറ്റ് അനുബന്ധ സാങ്കേതിക ജോലികൾ പുരോഗമിച്ചു വരുന്നു. ഇത്തരത്തിലുള്ള 2800 ൽ പരം ഫയലുകളിലെ (3300 ൽ പരം സ്കെച്ചുകൾ) |

| | | | |
|---|---|---|---|
| | | | സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് വരുന്നു. ആയത് പൂർത്തീകരിച്ച് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിയ്ക്കും പട്ടയം അനുവദിക്കുന്നതാണ്. |
| (ബി) | എത്ര പേർക്കാണ് മലയോര പട്ടയം നൽകുന്നതിന് തയ്യാറായിട്ടുള്ളതെന്നും, എന്നത്തേക്ക് പട്ടയം വിതരണം ചെയ്യാൻ കഴിയുമെന്നും അറിയിക്കാമോ; | (ബി) | 01.01.1977 ന് മുമ്പ് വനഭൂമി കൈവശം വെച്ചു വരുന്നവർക്ക് തൃശ്ശൂർ ജില്ലയിൽ കേന്ദ്ര സർക്കാർ അനുമതി ലഭിച്ചിട്ടുള്ള വനഭൂമിക്ക് 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം നാളിതുവരെ 4920 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. ശേഷിക്കുന്ന അപേക്ഷകളിൽ പതിവു നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയങ്ങൾ വിതരണം ചെയ്യാവുന്നതാണ്. |
| (സി) | സംയുക്ത പരിശോധന നടത്തി, കേന്ദ്രാനുമതി ലഭിച്ച് വിതരണത്തിന് തയ്യാറായിട്ടുള്ള അപേക്ഷകൾ എത്രയാണെന്നും സംയുക്ത പരിശോധന നടത്താൻ ഇനി എത്ര അപേക്ഷകൾ ഉണ്ടെന്നും കേന്ദ്രാനുമതി ലഭിക്കുന്നതിനായി നൽകിയിട്ടുള്ളത് എത്രയാണെന്നും വിശദമാക്കാമോ? | (സി) | സംയുക്ത പരിശോധന നടത്തി , കേന്ദ്രനുമതി ലഭിച്ച് വിതരണത്തിന് തയ്യാറായിട്ടുള്ള 203 പട്ടയങ്ങൾ നിലവിലുണ്ട്. 01.01.1977 ന് മുമ്പ് വനഭൂമി കൈവശം വെച്ചുവരുന്നവരിൽ തൃശ്ശൂർ ജില്ലയിൽ സംയുക്ത പരിശോധന പൂർത്തിയാക്കി കേന്ദ്ര അനുമതിക്കായി (4119 കൈവശക്കാർ ) 2005 – ൽ സമർപ്പിച്ചിട്ടുള്ള ലിസ്റ്റുകൾ തുടർനടപടികൾ ഇല്ലെന്നും പ്രസ്തുത ഭൂമിയും കൂടി ഉൾപ്പെടുത്തി ഒറ്റ അപേക്ഷയാണ് ജില്ലയിൽ നിന്നും സമർപ്പിക്കേണ്ടതെന്ന് വനംവകുപ്പിൽ നിന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ നിർദ്ദേശാനുസരണം ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം സംയുക്ത പരിശോധന ലിസ്റ്റ് പ്രകാരമുള്ള ഭൂമിയുടെ site, Lay Out plan, Total Station ഉപയോഗിച്ച് തയാറാക്കിയ Geo Reference Map എന്നിവ തയ്യാറാക്കി ജില്ലയ്ക്കു വേണ്ടി www.forestclearance.nic.in എന്ന website വഴി അപേക്ഷിക്കുന്നതിനുള്ള ജി.പി.എസ് സർവ്വെ, മറ്റു സാങ്കേതിക ജോലികൾ എന്നിവ പുരോഗമിച്ചു വരുന്നു. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിയ്ക്കും പട്ടയം അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ